കുത്തകപ്പാട്ടത്തിനു കൊടുക്കുന്ന ഭൂമി.

* 110. [62] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവാപ്പറേറീവ് സൊസൈറ്റികൾ മുഖേന അപേക്ഷിക്കുന്നവർക്കു മാത്രമേ ഭൂമി കുത്തകപ്പാട്ടത്തിനു കൊടുക്കുകയുള്ളൂ എന്നൊരു നയമാണോ ഈ ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഒട്ടും തന്നെ ഭൂമിയില്ലാത്ത കാർഷികതൊഴിലാളികൾ ഒറ്റയ്ക്ക് അപേക്ഷിച്ചാൽ അവർക്ക് ഭൂമി കുത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുക്കുന്ന കാര്യം ഗവണ്മെൻറ് പരിഗണിക്കുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇങ്ങനെ ഒരു നയം ഇല്ല.

(ബി) ഒട്ടും ഭൂമിയില്ലാത്തവർക്ക് പുറംപോക്കുഭൂമി കൊടുക്കുന്നതിനു നിലവിലിരിക്കുന്ന കുത്തകപ്പാട്ട ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പഞ്ചായത്തു പുനർവിഭജനം.

* 111. [63] ശ്രീ. പി. കെ. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറിലെ ഏതെല്ലാം പഞ്ചായത്തുകൾ വിഭജിക്കണമെന്ന നിവേദനം കിട്ടിയിട്ടുണ്ട് ;

(ബി) കൊടുങ്ങല്ലൂർ താലൂക്കിലെ കൊടുങ്ങല്ലൂരും എറിയാടും പുനർവിഭജനം ചെയ്യണമെന്നു കാണിച്ചു നടത്തിയ നിവേദനങ്ങളിൽ എന്തു നടപടി നടത്തി ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) കൊടുങ്ങല്ലൂർ, എറിയാട്, കടയത്തൂർ, ആലക്കോട്, വടശ്ശേരിക്കര, ഓന്നി-പഴവങ്ങാടി, ആറാട്ടുപുഴ എന്നീ പഞ്ചായത്തുകളിൽ പുനർവിഭജനം നടത്തണമെന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) കൊടുങ്ങല്ലൂർ, എറിയാട് എന്നീ പഞ്ചായത്തുകളുടെ പുനർവിഭജനത്തെപ്പറ്റി ആ രണ്ടു പഞ്ചായത്തുകളുടെയും അഭിപ്രായം, പഞ്ചായത്ത് ആക്ടിലെ 3-ാംവകുപ്പ് അനുസരിച്ച്, ആരാഞ്ഞിട്ടുണ്ട്. പൊതുജനങ്ങളിൽനിന്നും പല നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിന്റെ വിവിധ വശങ്ങളെപ്പറ്റി പരിചിന്തനം ചെയ്തുവരികയാണ്. അവസാനതീരുമാനമെടുത്തിട്ടില്ല.

പഞ്ചായത്ത് എക്സ്റ്റൻഷൻ ആഫീസറന്മാരുടെ നിയമനം.

* 112. [65] ശ്രീ. എം. എ. ജോൺ : താഴെ കാണുന്ന ചോദ്യത്തിനു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഞ്ചായത്തുകളിൽ ജോലി നോക്കിവരുന്ന പരിചയമുള്ള ക്ലാർക്കന്മാരെ എക്സ്റ്റൻഷൻ ആഫീസറന്മാരായി ഗവണ്മെൻറിൽ നിന്നും നേരിട്ടു നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

നിശ്ചിത പരീക്ഷായോഗ്യതയുള്ളവരും 45 വയസ്സിനു മേലിയത്തവരും പഴയ തിരുവിതാംകൂർ സംസ്ഥാനത്തിൽപ്പെട്ട പഞ്ചായത്തുകളിലേയും വില്ലേജുകളിലേയും ജീവനക്കാരും ആയവരെ പഞ്ചായത്ത് ആഫീസറന്മാരായി നിയമിച്ചുകൊള്ളണമെന്നു് നിർദ്ദേശം നൽകിയിട്ടുണ്ടു്.

മരച്ചീനിയുടെ വിലയിടിവു്.

* 113. [67] ശ്രീ. പി. എം. മക്കോസു് : താഴെ കാണുന്ന ചോദ്യത്തിനു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മരച്ചീനിയുടെ വിലയിടിവുമൂലം മരച്ചീനികൃഷിക്കാരുടെ ദുരിതാശ്വാസത്തിനുവേണ്ടി ഇതിനകം ഗവണ്മെൻറു് എന്തെല്ലാം നടപടികൾ നടത്തിയിട്ടുണ്ടു് ?

ആഭ്യന്തരകായ്വ മന്ത്രി (ശ്രീ. എ. ജെ. ജാൺ) :

മരച്ചീനികൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും, മരച്ചീനിയുടെ വ്യവസായ സാദ്ധ്യതകളെപ്പറ്റി ആരായുന്നതിനും, നാട്ടിലും വിദേശങ്ങളിലും വിപണികൾ കണ്ടുപിടിക്കുന്നതിനും മറ്റും ഗവണ്മെൻറിനെ ഉപദേശിക്കാനായി "മരച്ചീനി വികസനബോർഡു്" എന്ന പേരിൽ ഒരു സമിതി രൂപീകരിച്ചു. കൂടാതെ ഒരു അടിയന്തരാശ്വാസനടപടിയെന്ന നിലയിൽ 20,000 ടൺ ഉണക്കിയ മരച്ചീനി വിലയ്ക്കെടുക്കാൻ തീരുമാനിച്ചു. അതിനായി സത്വരനടപടികളും സ്വീകരിച്ചു.

ആശുപത്രി സ്ഥാപന കമ്മിറ്റി റിപ്പോർട്ടു്.

* 114. [68] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രിസ്ഥാപനം സംബന്ധിച്ചു് ഗവണ്മെൻറു് നിയമിച്ച കമ്മിറ്റിയുടെ ജോലി പൂർത്തിയാക്കി റിപ്പോർട്ടു് ഗവണ്മെൻറിൽ കിട്ടിയിട്ടുണ്ടോ ;

(ബി) എത്ര അലോപ്പതി ആശുപത്രികളും, എത്ര ആയുർവ്വേദ ആശുപത്രികളും സ്ഥാപിക്കാൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടു് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) കിട്ടിയിട്ടുണ്ടു്.

(ബി) 64 അലോപ്പതി ആശുപത്രികളും, 183 ആയുർവേദആശുപത്രികളും.

ലോക്കൽ ഡവലപ്പുമെൻറു് ജോലികൾ.

* 115. [70] ശ്രീമതി കെ. ആർ. ഗൌരി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly